# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 208 — 10.12.2012-ൽ മറുപടിയ്ക്ക്

**ഔഷധസസ്യകൃഷിക്ക് പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിന്റെ കീഴിൽ, പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട, കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്ന 'സഞ്ജീവനി' ഔഷധ സസ്യതോട്ടത്തിന്റെ നിലവിലെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഔഷധ സസ്യങ്ങളുടെ പ്രാധാനത്തെപ്പറ്റി പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1987- 88 വർഷത്തിൽ കേരള ഫോറസ്ട്രി പ്രോജക്ടിലെ ഫണ്ട് ഉപയോഗിച്ച് പുനലൂർ ഫോറസ്റ്റ് ഡിവിഷനിലെ അഞ്ചൽ റേയ്ഞ്ചിൽപെട്ട കുളത്തൂപ്പുഴയിൽ സഞ്ജീവനി വനം എന്ന പേരിൽ ഒരു ഔഷധതോട്ടം ഉണ്ടാക്കിയത്. കേരള ഫോറസ്ട്രീ പ്രോജക്ട് അവസാനിച്ചപ്പോൾ പ്രസ്തുത സ്കീമിന്റെ നടത്തിപ്പിന് ഫണ്ട് ലഭ്യതയില്ലാതെ വരികയും തുടർന്ന് ലഭ്യമായ മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി 2009 – 10 മുതൽ ഇതിനോടനുബന്ധിച്ചുള്ള അത്യാവശ്യ പരിചരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| ബി) ഔഷധ സസ്യകൃഷിക്ക് വലിയ ജൈവസാങ്കേതിക സാധ്യതകൾ ഉള്ള പ്രസ്തുത മേഖലയിൽ ഇവയുടെ കൃഷിയും വ്യാപനവും വികസിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് | ബി) കുളത്തൂപ്പുഴ ഔഷധതോട്ടത്തിലെ ഇരുനൂറ്റിയമ്പതോളം വിവധയിനം സസ്യങ്ങൾ നിലവിൽ സംരക്ഷിച്ചു പരിപാലിച്ചു വരുന്നു. ഇതോടൊപ്പം സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ഔഷധതോട്ടം സന്ദർശിക്കുന്നതിനും പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നതിനും സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. ഔഷധ സസ്യകൃഷിക്ക് സാധ്യതയുള്ള പ്രസ്തുത മേഖലയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഔഷധ സസ്യങ്ങളുടെ നഴ്സറി ഉണ്ടാക്കി തൈകൾ വിതരണം ചെയ്യുക. നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |

| | | |
|---|---|---|
| | വ്യക്തമാക്കുമോ; | |
| സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ